**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## KEAM- 2019

## എം.ബി.ബി.എസ്. കോഴ്സിലേയ്ക്കുള്ള മോപ്–അപ്പ് കൗൺസലിംഗ്

എം.ബി.ബി.എസ് കോഴ്സിലേയ്ക്ക് നടന്ന രണ്ടാം ഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവു വരുന്ന എം.ബി.ബി.എസ് സീറ്റുകളിലേയ്ക്ക് മോപ്–അപ്പ് കൗൺസലിംഗ് ആഗസ്റ്റ് **7, 8** തീയതികളിലായി നടത്തുന്നു. തിരുവനന്തപുരത്തെ കാര്യവട്ടം സ്പോർട്സ് ഹബിലെ ട്രാവൻകൂർ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വച്ച് ആഗസ്റ്റ് **7**–ാം തീയതി രാവിലെ പത്ത് മണി മുതലാണ് മോപ്–അപ്പ് കൗൺസലിംഗ് തീരുമാനിച്ചിട്ടുള്ളത്. കേരള മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മാത്രമാണ് പങ്കെടുക്കാൻ അവസരമുള്ളത്. അഖിലേന്ത്യാ കൗൺസലിംഗിലൂടെ പ്രവേശനം നേടിയവരെ സംസ്ഥാനത്തെ മോപ്–അപ്പ് കൗൺസലിംഗിന് പരിഗണിക്കുന്നതല്ല. ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള മോപ്–അപ്പ് കൗൺസലിംഗ് ഇതിനോടൊപ്പം നടത്തുന്നതല്ല. പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന മോപ്–അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Mop-Up counselling slip'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് സ്ലിപ്പ് **03.08.2019** മുതൽ **06.08.2019** വൈകുന്നേരം **5.00** മണി വരെ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. മോപ്–അപ്പ് സ്ലിപ്പുമായി വരുന്നവരെ മാത്രമേ അലോട്ട്മെന്റിന് പങ്കെടുപ്പിക്കുകയുള്ളൂ. **മെഡിക്കൽ റാങ്കിൽ ആദ്യത്തെ പതിനായിരം റാങ്കിനകത്ത് വരുന്നവർ രാവിലെ 10.00 മണിയ്ക്കും ബാക്കിയുള്ളവർ ഉച്ചയ്ക്ക് 2.00 മണിയ്ക്കും ഹാജരാകേണ്ടതാണ്.**

### മോപ്–അപ്പ് കൗൺസലിംഗ് സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ

ഒരു സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. കോഴ്സിന് പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അതുപോലെ ഒരു സ്വാശ്രയ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്.കോഴ്സിന് പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല

സ്വാശ്രയ മെഡിക്കൽ കോളേജിൽ അഡ്മിഷൻ ലഭിച്ചവർക്ക് ഗവ. മെഡിക്കൽ കോളേജുകളിലേയ്ക്കും, ഗവ. മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ ലഭിച്ചവർക്ക് സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കും മാറ്റം അനുവദനീയമാണ്. ഒരു സ്വാശ്രയ കോളേജിലെ എൻ.ആർ.ഐ സീറ്റിൽ നിന്നും അതേ കോളേജിലെയോ മറ്റു സ്വാശ്രയ കോളേജിലെയോ, ഗവൺമെന്റ് /കമ്മ്യൂണിറ്റി സീറ്റിലേയ്ക്ക് മാറ്റം അനുവദനീയമാണ്.

### ഫീസ് സംബന്ധിച്ച വിവരങ്ങളും ഒടുക്കേണ്ട വിധവും

മോപ്–അപ്പ് കൗൺസലിംഗിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ താഴെ പറയുന്ന ഫീസ് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി എടുത്ത് കൗൺസലിംഗ് വേളയിൽ ഹാജരാക്കേണ്ടതാണ്.

- സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ **25,000/**–രൂപ.
- സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ **3,00,000/**– രൂപ.
- സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് എൻ.ആർ.ഐ സീറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ **5,00,000/**–രൂപ.
- ഇതിനോടകം മുൻ അലോട്ട്മെന്റുകളിലൂടെ അഡ്മിഷൻ ലഭിച്ചവർ എം.ബി.ബി.എസ് സീറ്റിലേയ്ക്ക് മാറുകയാണെങ്കിൽ അധികമായി അടയ്ക്കേണ്ട തുകയ്ക്ക് തുല്യമായ ഡി.ഡി ഹാജരാക്കിയാൽ മതിയാകും. സ്വാശ്രയ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, കോഴ്സുകളിൽ അഡ്മിഷൻ നേടിയിരിക്കുന്നവർക്ക് ഇത് ബാധകമല്ല.
- ഡി.ഡി. ഹാജരാക്കുന്നതിന് അധികസമയം അനുവദിക്കുന്നതല്ല.

**കുറിപ്പ്:.**

***മോപ്–അപ്പ് കൗൺസലിംഗിനുശേഷം വിടുതൽ വാങ്ങുന്നവർക്ക് പ്രോസ്പെക്ടസ് ക്ലോസ് 12.2.4(a)(ii) പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കും.***

പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം ഏതെങ്കിലും കോഴ്സിലോ, കോളേജിലോ പ്രവേശനം നേടിയ വിദ്യാർത്ഥികൾ ബന്ധപ്പെട്ട കോളേജിൽ നിന്നുള്ള എൻ.ഒ.സി, രേഖകളുടെ പൊസഷൻ സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസിനത്തിലെ ഡി.ഡി എന്നിവയുമായി ഹാജരാക്കേണ്ടതാണ്. കേരളത്തിലെ വിവിധ സർക്കാർ അംഗീകൃത ആർട്സ് & സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും എൻ.ഒ.സി, രേഖകളുടെ പൊസഷൻ സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസിനത്തിലെ ഡി.ഡി എന്നിവയുമായി കൗൺസലിംഗിന് പങ്കെടുക്കാവുന്നതാണ്. മറ്റു വിദ്യാർത്ഥികൾക്ക് റ്റി.സി, അസൽ രേഖകൾ (അപ്‌ലോഡ് ചെയ്തവ) മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസിനത്തിലെ ഡി.ഡി എന്നിവയുമായി കൗൺസലിംഗിന് പങ്കെടുക്കാവുന്നതാണ്.

മോപ്-അപ്പ് റൗണ്ടിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എൻ.ആർ.ഐ ക്വാട്ട ലിസ്റ്റിലുൾപ്പെട്ട വിദ്യാർത്ഥികളെ പരിഗണിച്ചശേഷവും എൻ.ആർ.ഐ സീറ്റുകൾ ഒഴിവ് വരുന്ന പക്ഷം, അതിലേയ്ക്ക് പരിഗണിക്കുന്നതിന് ബന്ധപ്പെട്ട ഒറിജിനൽ രേഖകൾ മോപ്-അപ്പ് സമയത്ത് ഹാജരാക്കേണ്ടതാണ്. മോപ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൂടുതൽ നിർദ്ദേശങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
03.08.2019